**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4379** **09-08-2021 - ൽ മറുപടിയ്ക്ക്**

**കൊല്ലത്ത് നിന്ന് യാത്ര കപ്പൽ സർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | **Shri Ahammad Devarkovil**<br>**(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി)** | |
| (എ) | കൊല്ലം തുറമുഖത്തിലെ ചരക്ക് ഗതാഗത സർവ്വീസ് ഫലപ്രദമായി നടപ്പിലാക്കുന്നതിനും യാത്ര കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിനും കൊല്ലം തുറമുഖത്ത് സ്ഥിരമായ എമിഗ്രേഷൻ ക്ലിയറൻസ് സൗകര്യം ഏർപ്പെടുത്തുന്നതിന് കേന്ദ്രസർക്കാർ എന്തെല്ലാം ഉപാധികളാണ് മുന്നോട്ട് വച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | കൊല്ലം തുറമുഖത്ത് പാസഞ്ചർ ഷിപ്പ് സർവ്വീസ് ആരംഭിക്കുന്നതിനായി, തുറമുഖത്തെ ഇമിഗ്രേഷൻ സൗകര്യമുള്ള എൻട്രി & എക്സിറ്റ് പോയിന്റായി പ്രഖ്യാപിക്കുന്നതിന് കേന്ദ്ര ആഭ്യന്തര മന്ത്രാലയ ത്തിന്റെ വിജ്ഞാപനത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾ ലഭ്യമാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. 1) ആവശ്യമായ സ്ഥലസൗകര്യവും, അടിസ്ഥാനസൗകര്യങ്ങളും 2) ആവശ്യമായ Manpower 3) Residential Accommodation തിരുവനന്തപുരം FRRO യുടെ നിർദ്ദേശപ്രകാരം നടത്തിയ പരിശോധനയിൽ നിർദ്ദേശിച്ച പ്രകാരം, ഒരു കൗണ്ടർ തുടങ്ങുന്നതിനുള്ള സൗകര്യം കൊല്ലം തുറമുഖത്തെ മെക്കാനിക്കൽ എഞ്ചിനീയറിംഗ് വർക്ക് ഷോപ്പ് ഓഫീസിന്റെ മുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. എമിഗ്രേഷന്റെ 6 കൗണ്ടറുകൾക്കായുള്ള ഗേറ്റ് ഹൗസിന്റെ നിർമ്മാണം ഏകദേശം 75% പൂർത്തീകരിച്ചിട്ടുണ്ട്. കൊല്ലം തുറമുഖത്ത് ഐ.എസ്.പി.എസ് നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങളും പുരോഗമിക്കുന്നു. നിർദ്ദിഷ്ട എമിഗ്രേഷൻ ചെക്ക്പോസ്റ്റിന്റെ എമിഗ്രേഷൻ പ്രവർത്തനം ഏറ്റെടുക്കുന്നതിനും Man power ലഭ്യമാക്കുന്നതിനായി ആവശ്യമായ തസ്തികകൾ സൃഷ്ടിക്കാനും ഉദ്യോഗസ്ഥരെ നൽകാനും സംസ്ഥാന ആഭ്യന്തര വകുപ്പ്, കേന്ദ്ര മന്ത്രാലയത്തെ സമ്മതം അറിയിച്ചിട്ടുണ്ട്. |
| (ബി) | കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽ നിന്നും അനുകൂലമായ അനുമതി ലഭ്യമാക്കുന്നതിന് സംസ്ഥാന ആഭ്യന്തര വകുപ്പ് മുഖേന ആവശ്യമായ ഇടപെടൽ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | കൊല്ലം തുറമുഖത്ത് പാസഞ്ചർ ഷിപ്പ് സർവ്വീസ് ആരംഭിക്കുന്നതിനായി, തുറമുഖത്തെ ഇമിഗ്രേഷൻ സൗകര്യമുള്ള എൻട്രി & എക്സിറ്റ് പോയിന്റായി പ്രഖ്യാപിക്കുന്നതിന് കേന്ദ്ര ആഭ്യന്തര മന്ത്രാലയ ത്തിന്റെ വിജ്ഞാപനത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾ ലഭ്യമാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. 1) ആവശ്യമായ സ്ഥലസൗകര്യവും, അടിസ്ഥാനസൗകര്യങ്ങളും 2) ആവശ്യമായ |

| | | | |
|---|---|---|---|
| | | | Manpower 3) Residential Accommodation തിരുവനന്തപുരം FRRO യുടെ നിർദ്ദേശപ്രകാരം നടത്തിയ പരിശോധനയിൽ നിർദ്ദേശിച്ച പ്രകാരം, ഒരു കൗണ്ടർ തുടങ്ങുന്നതിനുള്ള സൗകര്യം കൊല്ലം തുറമുഖത്തെ മെക്കാനിക്കൽ എഞ്ചിനീയറിംഗ് വർക്ക് ഷോപ്പ് ഓഫീസിന്റെ മുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. എമിഗ്രേഷന്റെ 6 കൗണ്ടറുകൾക്കായുള്ള ഗേറ്റ് ഹൗസിന്റെ നിർമ്മാണം ഏകദേശം 75% പൂർത്തീകരിച്ചിട്ടുണ്ട്. കൊല്ലം തുറമുഖത്ത് ഐ.എസ്.പി.എസ് നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങളും പുരോഗമിക്കുന്നു. നിർദ്ദിഷ്ട എമിഗ്രേഷൻ ചെക്ക്പോസ്റ്റിന്റെ എമിഗ്രേഷൻ പ്രവർത്തനം ഏറ്റെടുക്കുന്നതിനും Man power ലഭ്യമാക്കുന്നതിനായി ആവശ്യമായ തസ്തികകൾ സൃഷ്ടിക്കാനും ഉദ്യോഗസ്ഥരെ നൽകാനും സംസ്ഥാന ആഭ്യന്തര വകുപ്പ്, കേന്ദ്ര മന്ത്രാലയത്തെ സമ്മതം അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ